പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1955 — 22.03.2012-ൽ മറുപടിക്ക്

# സമാന്തര ബാറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ. നെല്ലിക്കുന്ന് | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പല നഗരങ്ങളിലും സമാന്തര ബാറുകൾ ഉയർന്നു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സമാന്തര ബാറുകളുടെ എണ്ണം എത്രയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് സമാന്തര ബാറുകൾ ഉയർന്നു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) വ്യാജമദ്യത്തിന്റെ വിൽപ്പന തടയാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (ബി) വ്യാജമദ്യത്തിന്റെ വിൽപ്പന തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. വ്യാജ മദ്യവിൽപ്പനയ്ക്കെതിരെ രഹസ്യ വിവരങ്ങൾ ശേഖരിച്ച്, അത്തരത്തിലുള്ള പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗവും ഇന്റലിജൻസ് വിഭാഗവും ഇതിനായി പ്രവർത്തിച്ചു വരുന്നുണ്ട്. പഞ്ചായത്ത് / നിയോജകമണ്ഡല/ ജില്ലാതല ജനകീയ കമ്മിറ്റികൾ കൂടി, വ്യാജ മദ്യവിൽപ്പനയ്ക്കെതിരെ ജനപ്രതിനിധികളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ വിവരം ശേഖരിച്ച് നടപടിയെടുത്തു വരുന്നുണ്ട്.<br><br>ഫോറസ്റ്റ്, പോലീസ്, റവന്യൂ തുടങ്ങിയ വകുപ്പുകളുമായി സഹകരിച്ച് സംയുക്ത റെയിഡുകൾ സംഘടിപ്പിച്ചു വരുന്നു. വാഹന പരിശോധനയും, രാത്രികാല പെട്രോളിംഗും കർശനമാക്കിയിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതിയിന്മേൽ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. എക്സൈസ് വകുപ്പിന്റെ ബോധവത്ക്കരണ പരിപാടികളിൽ കൂടി, വ്യാജ |

മദ്യ വിൽപ്പനയ്ക്കെതിരെയും ആയതിന്റെ ഉപയോഗത്തിനെതിരെയും പ്രചരണവും അവബോധവും പൊതുജനങ്ങൾക്കിടയിൽ സൃഷ്ടിച്ചു വരുന്നുണ്ട്. കള്ള്ഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് മാത്രമേ വിൽക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്തുന്നതിന് ടി സ്ഥാപനങ്ങൾ നിരന്തരം പരിശോധിക്കുകയും, സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വരുകയും ചെയ്യുന്നുണ്ട്. വ്യാജകള്ള് വിൽക്കുന്ന കള്ള്ഷാപ്പുകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നുണ്ട്.

(സി) വ്യാജവാറ്റ് സംബന്ധിച്ച് പോലീസിനും എക്സൈസിനും നൽകുന്ന വിവരം ചോർന്നു പോകില്ലെന്ന് ഉറപ്പു വരുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(സി) രഹസ്യ വിവരങ്ങൾ ശേഖരിച്ച് എക്സൈസിലെ എക്സൈസ് ഇന്റലിജൻസ് & ഇൻവെസ്റ്റിഗേഷൻ ബ്യൂറോ വിഭാഗം നേരിട്ട് അന്വേഷണം നടത്തി വരുന്നു, കൂടാതെ, ഉദ്യോഗസ്ഥന്മാർ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും അതിന് വിപരീതമായി എന്തെങ്കിലും പ്രവർത്തനം നടക്കുന്നതായി തെളിഞ്ഞാൽ അത്തരം ഉദ്യോഗസ്ഥർക്ക് എതിരെ കർശന ശിക്ഷാ നടപടികൾ കൈക്കൊള്ളാറുമുണ്ട്.

സെക്ഷൻ ഓഫീസർ.